(ബി) ഇത്തരത്തിൽ നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) അവശ്യ മരുന്നുകളുടെ ലഭ്യത നീതി സ്റ്റോറുകളിൽ ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് കൺസ്യൂമർഫെഡിന്റെ കീഴിൽ 93 നീതി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ജനങ്ങൾ കൂടുതലായി വസിക്കുന്ന ഗ്രാമപ്രദേശങ്ങൾക്ക് പ്രാമുഖ്യം നൽകിയും, സ്വകാര്യ മേഖലയിൽ നടത്തുന്ന നീതി മെഡിക്കൽ സ്റ്റോറുകൾ താരതമ്യേന കുറവുള്ള സ്ഥലങ്ങൾ, രോഗികൾക്ക് മരുന്ന് വാങ്ങുന്നതിന് ദീർഘ ദൂരം സഞ്ചരിക്കേണ്ടി വരുന്ന സ്ഥലങ്ങൾ എന്നിവയ്ക്ക് പ്രത്യേകം പരിഗണന നൽകിയും, നഷ്ടം കൂടാതെ പ്രവർത്തിക്കുന്നതിനുള്ള സാദ്ധ്യത കൂടി പരിഗണിച്ചാണ് കൺസ്യൂമർ ഫെഡറേഷൻ നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നത്.

(സി) കേരളത്തിൽ വിറ്റുവരുന്ന പ്രധാനപ്പെട്ട കമ്പനികളുടെ മരുന്നുകൾ കേന്ദ്രീകൃത വാങ്ങൽ വഴിയും, പ്രാദേശികമായി ആവശ്യമുള്ള മരുന്നുകൾ ലോക്കൽ പർച്ചേസ് വഴിയും വാങ്ങി അവശ്യ മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നു.

**നന്മ സ്റ്റോറുകൾ**

140 (507) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ മന്ത്രിസഭയുടെ കാലയളവിൽ കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ എത്ര നന്മ സ്റ്റോറുകൾക്ക് പ്രവർത്തന അനുമതി നൽകി ; അവ ഏതെല്ലാമാണ് ;

(ബി) പ്രസ്തുത നന്മ സ്റ്റോറുകളിൽ പ്രവർത്തനം അവസാനിപ്പിച്ചിട്ടുള്ള സ്റ്റോറുകൾ ഏതെല്ലാമാണ്; അതിനുള്ള കാരണങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) ഈ മന്ത്രിസഭയുടെ കാലയളവിൽ കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ ചുവടെ ചേർക്കുന്ന 25 നന്മ സ്റ്റോറുകൾക്ക് പ്രവർത്തനാനുമതി നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

| | |
|---|---|
| 1 | ചെറുപൊയ്ക |
| 2 | പിന്നാട്ടിൻമൂട് |
| 3 | കുടിക്കോട് |
| 4 | നെടുമൺകാവ് |
| 5 | കുടക്കോട് |
| 6 | മടന്തക്കോട് |
| 7 | പച്ചയിൽമുക്ക് |
| 8 | നെല്ലിമുക്ക് |
| 9 | കലയപുരം |
| 10 | പള്ളിക്കൽ |
| 11 | ചേപ്ര |
| 12 | പ്ലാപ്പള്ളി |
| 13 | പരുത്തിയറ |
| 14 | മുട്ടറ |
| 15 | കരുവള്ളിൽ |
| 16 | ഇലഞ്ഞിക്കോട് |
| 17 | നെടുമ്പായിക്കുളം |
| 18 | ചൊവ്വള്ളൂർ |
| 19 | പഴയചിറ |
| 20 | ബഡാമുക്ക് |
| 21 | കോട്ടാത്തല |
| 22 | ആനക്കോട്ടൂർ |
| 23 | മാറനാട് |
| 24 | പൊരീക്കൽ |
| 25 | തൃത്താൽ |

(ബി) പ്രസ്തുത നന്മ സ്റ്റോറുകളിൽ ആനക്കോട്ടൂർ, മാറനാട് എന്നീ രണ്ട് സ്റ്റോറുകളുടെ പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ട്. കെട്ടിടം ഉടമ കെട്ടിടം ഒഴിയണമെന്ന് ആവശ്യപ്പെട്ടതിനാലും, കൺസ്യൂമർഫെഡിൽ എഗ്രിമെന്റ് വച്ചിട്ടുള്ള സംഘടന ടി നന്മ സ്റ്റോറുകൾ ഒഴിഞ്ഞു നൽകണമെന്ന് ആവശ്യപ്പെട്ടതു കൊണ്ടുമാണ് ടി സ്റ്റോറുകളുടെ പ്രവർത്തനം നിർത്തലാക്കിയത്.